LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടി

19 (22) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഘട്ടങ്ങളിലായാണ് ജനസമ്പർക്കപരിപാടി നടത്തിയത്; വിശദമാക്കുമോ;

(ബി) ഈ പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കി അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയുള്ള ജനസമ്പർക്ക പരിപാടി മൂന്ന് ഘട്ടങ്ങളിലായി യഥാക്രമം 2011, 2013, 2015 വർഷങ്ങളിൽ 14 ജില്ലകളിലും വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ട്.

എഫ്.ഐ.ആർ.-ൽ പ്രതിചേർത്തവരെയും കുറ്റപത്രം സമർപ്പിക്കപ്പെട്ടവരെയും ഉയർന്ന തസ്തികകളിൽ നിയമിക്കുന്നത് സംബന്ധിച്ച്

20 (23) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ചീഫ് സെക്രട്ടറി ശ്രീ. ഭരത് ഭൂഷൺ , നിലവിലെ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ എന്നിവരുടെ പേരിൽ എത്ര കേസ്സുകൾ വിവിധ കോടതികളിലായി നിലവിലുണ്ട്; അവ ഏതെല്ലാം ;

(ബി) നിലവിലെ ചീഫ് സെക്രട്ടറിയുടെ നിയമനം സംബന്ധിച്ച് പ്രതിപക്ഷ നേതാവിന്റെ പരാതിയിന്മേൽ മുഖ്യമന്ത്രി എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതിയിന്മേൽ ബഹു. ഗവർണ്ണർ സർക്കാരിനോട് വിശദീകരണം ആരാഞ്ഞിരുന്നുവോ; എങ്കിൽ ഇതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ചീഫ് സെക്രട്ടറി, കേന്ദ്ര സെക്രട്ടറി തുടങ്ങി ഉയർന്ന തസ്തികാ നിയമനങ്ങളിൽ 2000-ാം മാണ്ട് മാർച്ച് മാസത്തിൽ ബഹു. സുപ്രീം കോടതി ശരിവച്ച F.I.R-ൽ പ്രതിചേർത്തവരെയും കുറ്റപത്രം സമർപ്പിക്കപ്പെട്ടവരെയും പരിഗണിക്കരുതെന്ന സുപ്രീംകോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; ഇതിൻമേൽ ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി-സി) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാതിയിന്മേൽ ബഹുമാനപ്പെട്ട ഗവർണർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. അതിൻപ്രകാരം പരാതിയിലെ വിഷയം വിശദമായി പരിശോധിക്കുകയും പരാതിയിൽ കഴമ്പില്ലെന്ന കാര്യം ബഹുമാനപ്പെട്ട ഗവർണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർ മറ്റ് വിശദീകരണം ആരാഞ്ഞിട്ടില്ല.

ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി

21 (25) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ, എന്തെല്ലാം കാരണങ്ങൾക്ക്, ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ നിലവിലുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുവെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly